തഴുത്തല വില്ലേജിൽ ആറിനോട് ചേർന്ന മിച്ചഭൂമി സംരക്ഷിക്കാൻ നടപടി

105 (5288) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം താലൂക്കിലെ തഴുത്തല വില്ലേജിൽ കൊട്ടിയം ഒറ്റപ്ലാംമൂട്ടിൽ ഇത്തിക്കര ആറിനോട് ചേർന്ന് എത്ര ഏക്കർ മിച്ചഭൂമിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മിച്ചഭൂമിയിൽ ഉണ്ടായിരുന്ന കയ്യേറ്റങ്ങൾ എല്ലാം ഒഴിപ്പിച്ചിട്ടുണ്ടോ ;

(സി) മിച്ചഭൂമിയിൽ ഒരേക്കറോളം സ്ഥലം ആറ്റിലെ അനധികൃത മണലെടുപ്പുമൂലം നഷ്ടമായിട്ടുണ്ടെന്നും ഇപ്പോഴും ആ നടപടികൾ തുടരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മിച്ചഭൂമി മണലെടുത്ത് നഷ്ടമാക്കുന്നത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലം താലൂക്കിൽ ആദിച്ചനല്ലൂർ വില്ലേജിൽ കൊട്ടിയം ഒറ്റപ്ലാംമൂട്ടിൽ ഇത്തിക്കര ആറിനോട് ചേർന്ന് 5.85.31 ഹെക്ടർ (14.45.715 ഏക്കർ) മിച്ചഭൂമി നിലവിലുണ്ട്. പ്രസ്തുത ഭൂമി തഴുത്തല വില്ലേജിന്റെ പരിധിയിലല്ല സ്ഥിതി ചെയ്യുന്നത്. ടി ഭൂമി പൊതു ആവശ്യത്തിന് നീക്കിവച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത മിച്ചഭൂമിയിൽ നിലവിലുണ്ടായിരുന്ന കയ്യേറ്റങ്ങൾ 22-5-2005-ന് ഒഴിപ്പിച്ചിട്ടുള്ളതാണ്. ടി ഭൂമിയിൽ നിലവിൽ കയ്യേറ്റങ്ങൾ ഇല്ല.

(സി) ടി ഭൂമിയിൽ നിലവിൽ അനധികൃത മണൽ ഖനനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വെള്ളക്കെട്ടായി കിടക്കുന്ന ടി ഭൂമി നഷ്ടപ്പെട്ടിട്ടില്ല.

(ഡി) മുമ്പ് അനധികൃത മണൽ ഖനനം നടത്തിയവർക്കെതിരെ ലാന്റ് കൺസർവൻസി ആക്ട് പ്രകാരം കേസ്സെടുത്ത് നടപടി നടത്തിവരുന്നു. ഇനിയും അനധികൃത മണൽ ഖനനം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കക്ഷികൾക്കെതിരെ ഭൂ സംരക്ഷണ നിയമപ്രകാരം കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വില്ലേജ് ആഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly